File No.TCPCTP/2973/2019-D3

## മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം തിരുവനന്തപുരം - സാങ്കേതികവിഭാഗം കണ്ണൂർ ജില്ല - മട്ടന്നൂർ നഗരസഭ പഴശ്ശി വില്ലേജ് പെട്രോളിയം ഔട്ട് ലെറ്റ് നിർമ്മാണത്തിന് ലേ ഔട്ട് അംഗീകാരം& കൺകറൻസും നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മട്ടന്നൂർ നഗരസഭ സെക്രട്ടറിയുടെ 23/10/2019 ലെ BA No.242/19-20 നമ്പർ കത്ത്.

2. കണ്ണൂർടൗൺ പ്ലാനറുടെ 25/11/2019 ലെ TCPKNR/2225/2019/C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/2973/19-D3 തീയതി:31/12/2019

---

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭ പരിധിയിലുള്ള പഴശ്ശി വില്ലേജിൽ റീ.സർവ്വേ നം. No 7/125, 7/126, 7/127 ൽ -പ്പെട്ട 1234sq.m സ്ഥലത്ത് 273 sq.m (Sales building-39 ച.മീ + Canopy-234 ച.മീ) തറവിസ്തീർണം ഉള്ള Group -I Hazardous Occupancy -ൽ പ്പെട്ട പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് നിർമ്മാണത്തിന് Zoning regulation Restricted 2 പ്രകാരം മാസ്റ്റർപ്ലാൻ പ്രകാരമുള്ള കൺകറൻസും, KMBR 1999 ചട്ടം 59 പ്രകാരമുള്ള ലേ - ഔട്ട് അംഗീകാരവും ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. സി. ധനീഷ്, പ്രേം നിവാസ്, വായാന്തോടി -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 1999 -നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി മാസ്റ്റർപ്ലാൻ പ്രകാരമുള്ള കൺകറൻസിനും, കെട്ടിടങ്ങളുടെ ലേ - ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും, പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി.ആർ.1999 -ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.എം.ബി.ആർ 1999-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ്

നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. കെ.എം.ബി.ആർ 2019 ചട്ടം 109 A പ്രകാരമുള്ള ഭൂഗർഭ ജലപോഷണ സംവിധാനം, ചട്ടം 79 (7) പ്രകാരമുള്ള ദ്രവ മാലിന്യ സംസ്കരണ സംവിധാനം എന്നിവ ഏർപ്പെടുത്തേണ്ടതാണ്.
8. കെ.എം.ബി.ആർ 1999 ലെ ചട്ടം 59 (9) പാലിച്ചിട്ടുണ്ടെന്ന് നിർമ്മാണത്തിന് അനുമതി നൽകുന്നതിന് മുൻപ് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ :162/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

ജയശ്രീ.പി.ആർ
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

സെക്രട്ടറി,
മട്ടന്നൂർ നഗരസഭ, കണ്ണൂർ- 670702

പകർപ്പ്:-

1. ശ്രീ.സി.ധനീഷ്, പ്രേം നിവാസ്, വായാന്തോട്, മട്ടന്നൂർ (പി.ഒ)കണ്ണൂർ 670702
2. ടൗൺ പ്ലാനർ, കണ്ണൂർ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം